**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3655** **12-03-2025 - ൽ മറുപടിയ്ക്ക്**

**ഗതാഗത വകുപ്പിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഗതാഗത വകുപ്പിലെ പദ്ധതികൾ മുൻഗണന അടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (എ) | 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെത്തുടർന്ന് ഗതാഗത വകുപ്പിലെ പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ പുന:ക്രമീകരിച്ചിട്ടുണ്ട്. ഗതാഗത വകുപ്പിന് പദ്ധതി അടങ്കലായി അനുവദിച്ച 78.43 കോടി രൂപയുടെ 51 ശതമാനമായ 91 കോടി രൂപ വകുപ്പ്തലവർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെയും സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ Modernization Quality Improvement of Fleet എന്ന പദ്ധതിയ്ക്കായി ഗതാഗത (എ) വകുപ്പിന്റെ 25-01-2025 ലെ സ.ഉ(സാധാ) നം.25/ 2025/ട്രാൻസ് പ്രകാരം 63 കോടി രൂപ യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്(പകർപ്പ് ഉള്ളടക്കം ചെയ്യുന്നു). മറ്റ് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഗതാഗത വകുപ്പ് - കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ - വാർഷിക പദ്ധതി 2024-25 - Modernization and Quality Improvement of fleet എന്ന പദ്ധതിക്ക് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഗതാഗത (എ) വകുപ്പ്

സ.ഉ.(സാധാ) നം.25/2025/TRANS തീയതി,തിരുവനന്തപുരം, 15-01-2025

---

പരാമർശം:-

1. കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 20.11.2024 തീയതിയിലെ Bud. 1 - 043832/2023 നമ്പർ കത്ത്.
2. 24.12.2024-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പ്.

**ഉത്തരവ്**

കെഎസ്ആർടിസി യുടെ പഴയ ബസുകൾക്ക് പകരമായി പുതിയ ബസുകൾ വാങ്ങാനുള്ള പദ്ധതിക്കായി 5055-00-800-79 ബഡ്ജറ്റ് ഹെഡിലെ Modernization and Quality Improvement of fleet എന്ന പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനായി 63 കോടി രൂപയുടെ പ്രൊപ്പോസൽ പരാമർശം (1) പ്രകാരം ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. സമർപ്പിച്ചിട്ടുണ്ട്.

2. 24.12.2024-ൽ കൂടിയ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ പരിശോധിക്കുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ അംഗീകാരം ലഭിച്ചത് പ്രകാരം 5055-00-800-79 ബഡ്ജറ്റ് ഹെഡിലെ Modernization and Quality Improvement of fleet എന്ന പദ്ധതിക്ക്പരാമർശം (2) പ്രകാരമുള്ള സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗനടപടിക്കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി, ചുവടെ ചേർക്കും പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേരും ശീർഷകവും | അംഗീകരിച്ച തുക (കോടി രൂപ) | പ്രൊജക്ട് മാനേജർ | പദ്ധതി പൂർത്തീകരിക്കുന്ന തീയതി |
|---|---|---|---|---|
| 1. | Modernization and Quality Improvement of fleet – 5055-00-800-79(P) | 63 | ശ്രീ. എ. ഡേവിഡ്, എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ) | 31.03.2024 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വിജയശ്രീ.കെ.എസ്
അഡിഷണൽ സെക്രട്ടറി

ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.
ആസൂത്രണ - സാമ്പത്തികകാര്യ വകുപ്പ്
ധനകാര്യ (പ്ലാനിംഗ്-ബി) വകുപ്പ്
ധനകാര്യ (പി.യു.-എ) വകുപ്പ്
(07.11.2024-ലെ നം.2850754/PU-A2/67/2024-FIN പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (E 2844251)

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്:- ഗതാഗത വകുപ്പ് മന്ത്രിയുടെ പി.എസ്.
ഗതാഗത വകുപ്പ് സെക്രട്ടറിയുടെ പി.എ.